(ഡി) മിഷൻ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള നഗരസഭകളിൽ അമ്പതിനായിരമോ അതിലധികമോ ജനസംഖ്യയ്ക്ക് ഒരു അർബൻ പ്രാഥമിക ആരോഗ്യകേന്ദ്രം (യു.പി.എച്ച്.സി.) പ്രവർത്തനസജ്ജമായിരിക്കും. ഇത്തരം ആരോഗ്യകേന്ദ്രങ്ങളിൽ ഒരു മുഴുവൻ സമയ ഡോക്ടർ, ഒരു പാതിസമയ (പാർട്ട് ടൈം) ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ഫാർമസിസ്റ്റ്, ഒരു ലബോറട്ടറി ടെക്നീഷ്യൻ, ജനസംഖ്യാനുപാതികമായി മൂന്നുമുതൽ പരമാവധി അഞ്ച് വരെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, രണ്ട് മിനിസ്റ്റീരിയൽ ജീവനക്കാർ/ആശമാർ എന്നിവരുടെ സേവനം ലഭ്യമാണ്. കാലത്ത് 10 മണിമുതൽ രാത്രി 8 മണിവരെ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽനിന്ന് സാധാരണയായി ലഭിക്കുന്ന എല്ലാ സേവനങ്ങളും അർബർ പ്രൈമറി ഹെൽത്ത് സെന്ററുകളിൽനിന്ന് ലഭ്യമാക്കുന്നുണ്ട്. പ്രതിവർഷം മൂന്ന് ലക്ഷം രൂപയുള്ള അവശ്യമരുന്നുകളും നഗര പ്രദേശത്തെ ഇത്തരം കേന്ദ്രങ്ങൾവഴി ലഭ്യമാക്കുന്നു. കൂടാതെ വീടുവീടാന്തരമുള്ള ആരോഗ്യസേവന, വിദ്യാഭ്യാസ പ്രവർത്തനങ്ങളും നൽകിവരുന്നു.

(ഇ) 2014-15-ൽ എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 37 നഗരസഭകളെ തന്നെയാണ് 2015-16-ലെ എൻ.യു.എച്ച്.എം. പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

തൃശ്ശൂർ ലീനിയർ ആക്സിലേറ്റർ മെഷീൻ

42 (3473) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലേറ്റർ മെഷീൻ സ്ഥാപിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മെഷീൻ രോഗികൾക്ക് പ്രയോജനപ്പെടുത്താൻ എന്ന് കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിന് ആവശ്യമായ പ്രൊപ്പോസൽ കെ.എം.എസ്.സി.എൽ.-ന് നൽകുകയും ടെൻഡർ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly